**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2208** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ യെല്ലോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ. രാജ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുകയും അനർഹമായി റേഷൻ കൈപ്പറ്റുകയും ചെയ്യുന്ന കാർഡുടമകളെ കണ്ടെത്തുന്നതിനും പിഴ ഈടാക്കി അവരെ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുമായി ഈ സർക്കാർ ആരംഭിച്ച ഓപ്പറേഷൻ യെല്ലോ-യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 2022 സെപ്റ്റംബർ മാസം മുതൽ ഡിസംബർ മാസം വരെ ഓപ്പറേഷൻ യെല്ലോ-യിലൂടെ ഓരോ വിഭാഗത്തിലും അനർഹമാണെന്ന് കണ്ടെത്തി പൊതുവിഭാഗത്തിലേക്ക് മാറ്റിയ കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ കാർഡ് വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധ 1,54,800,40 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ജനസംഖ്യാപ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടി രുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകു എന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.<br><br>പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകു എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ് ഡേറ്റാ മാപ്പിംഗ് നടത്തുന്നു |

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നത് വഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി **Operation Yellow** എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

2009നു ശേഷം പുതുക്കിയ ബി.പി.എൽ പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക മുൻഗണനാ പട്ടികയിൽ അവസരം ഉറപ്പാക്കുന്നതിനായി 2009 ലെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്ക് കൂടി ക്ലേശഘടകങ്ങ കണക്കിലെടുത്ത് 20 മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27.10.2020ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ

| | | | |
|---|---|---|---|
| | | | പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.<br><br>ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിം ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്ന |
| (സി) | കൂടുതൽ മുൻഗണനാ കാർഡുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നോ; വിശദമാക്കുമോ; | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 1,54,800,40 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011 ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ പരിധിയിൽ സംസ്ഥാനത്തിൽ നിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 2011ന ശേഷം സെൻസസ് നടന്നിട്ടില്ല. ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 3,53,30,888 ആയി ഉയർന്നിട്ടുള്ളതിനാലും റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതും പരിഗണിച്ച് വർദ്ധിച്ച ജനസംഖ്യയ്ക്കനുസൃതമായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ച നൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂ എന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്. |
| (ഡി) | പുതുക്കിയ സെൻസസ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ മുൻഗണനാ കാർഡുകൾ അനുവദിക്കുന്നതിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) | ക്ലോസ്(സി)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | ജില്ല | ആകെ ലഭ്യമായ പരാതികൾ | എ.എ. വൈ | പി .എച്ച്.എച്ച് | പൊതുവി ഭാഗം സബ്സി ഡി | ആകെ | പിഴത്തുക ഈടാക്കിയ ത് |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 785 | 174 | 598 | 285 | 1057 | 427131 |
| 2. | കൊല്ലം | 700 | 75 | 389 | 187 | 651 | 933155 |
| 3. | പത്തനംതിട്ട | 443 | 95 | 289 | 82 | 466 | 1099542 |
| 4. | ആലപ്പുഴ | 749 | 121 | 488 | 127 | 736 | 1047749 |
| 5. | കോട്ടയം | 691 | 120 | 380 | 191 | 691 | 358718 |
| 6. | ഇടുക്കി | 360 | 69 | 258 | 30 | 357 | 413165 |
| 7. | എറണാകുളം | 1841 | 193 | 1346 | 611 | 2150 | 4024663 |
| 8. | തൃശ്ശൂർ | 2346 | 189 | 1394 | 763 | 2346 | 10915734 |
| 9. | പാലക്കാട് | 1053 | 76 | 649 | 318 | 1043 | 3075521 |
| 10. | കോഴിക്കോട് | 621 | 274 | 1272 | 625 | 2171 | 3721312 |
| 11. | മലപ്പുറം | 2678 | 156 | 1656 | 810 | 2622 | 10610743 |
| 12. | വയനാട് | 2335 | 153 | 615 | 220 | 988 | 2033511 |
| 13. | കണ്ണൂർ | 1526 | 152 | 921 | 593 | 1666 | 3052813 |
| 14. | കാസർഗോഡ് | 259 | 84 | 405 | 163 | 652 | 205729 |
| **ആകെ** | | **16387** | **1931** | **10660** | **5005** | **17596** | **4,19,19,486** |